>> മുഖക്കുറിപ്പ്

# 'സ്വാതി'ന്റെ ശരീഅത്ത്വത്കരണം

**കഴിഞ്ഞ** മാസം പാക്-അഫ്ഗാൻ അതിർത്തി മേഖലയിലെ സ്വാത് പ്രദേശത്ത് ഇസ്‌ലാമിക ശരീഅത്തിലെ ചില നിയമങ്ങൾ നടപ്പാക്കാൻ പാക് ഗവൺമെന്റ് തദ്ദേശീയർക്കനുമതി നൽകുകയുണ്ടായി. പാക് സർക്കാറും താലിബാനും തമ്മിലുണ്ടാക്കിയ ഒരു ധാരണയുടെ ഭാഗമാണത്. പാക് സർക്കാറിനെതിരെ പ്രദേശത്ത് മൂർഛിച്ചുവരുന്ന സംഘർഷത്തിന് അയവുവരുത്തുകയും താലിബാൻകാരുടെ എതിർപ്പു മൂലം അടച്ചിടേണ്ടിവന്ന വിദ്യാലയങ്ങൾ തുറന്നു പ്രവർത്തിക്കാൻ സാഹചര്യമൊരുക്കുകയുമാണ് ഈ പരസ്പര ധാരണയുടെ ലക്ഷ്യം. മിശ്രവിദ്യാഭ്യാസത്തോടും വിദ്യാർഥിനികളുടെ വസ്ത്രധാരണരീതിയോടുമുള്ള താലിബാന്റെ എതിർപ്പാണ് മൊത്തം വിദ്യാലയങ്ങളുടെ സ്തംഭനത്തിനിടയാക്കിയത്. താലിബാൻ നടപ്പിലാക്കാൻ പോകുന്നത് യഥാർഥ ഇസ്‌ലാമിക നിയമങ്ങൾ തന്നെയാണോ? യഥാർഥ ശരീഅത്ത് പ്രയോഗവത്കരിക്കാനുള്ള പക്വതയും മറ്റു യോഗ്യതകളും അവർക്കുണ്ടോ? ഇത്തരം പ്രശ്നങ്ങളെക്കുറിച്ചൊന്നും വ്യക്തമായ വിവരങ്ങൾ പുറത്തുവന്നിട്ടില്ല. എങ്കിലും ചില രചനാത്മകവശങ്ങളൊക്കെ സ്വാത് ഒത്തുതീർപ്പിനുണ്ട് എന്ന് സാമാന്യമായി മനസ്സിലാക്കാം. പക്ഷേ, ഒത്തുതീർപ്പ് വാർത്ത പുറത്തുവന്നതോടെ മാധ്യമലോകത്തുണ്ടായ കോളിളക്കം ഈ രചനാത്മകവശങ്ങളെ തികച്ചും തമസ്കരിക്കുന്നതായിരുന്നു. പാശ്ചാത്യൻ മീഡിയയും ഇന്ത്യൻ മീഡിയയുമായിരുന്നു അതിന്റെ മുൻപന്തിയിൽ. അതു സംബന്ധിച്ച ചർച്ചകളും വിശകലനങ്ങളും നിരീക്ഷണങ്ങളും തന്നെയായിരുന്നു ദിവസങ്ങളോളം ഹിന്ദി-ഇംഗ്ലീഷ് ചാനലുകളുടെ മുഖ്യ അജണ്ട. "പാക്ഗവൺമെന്റ് ഇസ്‌ലാമിക തീവ്രവാദികളുടെ മുന്നിൽ മുട്ടുമടക്കി. സ്വാതിന്റെ ഇസ്‌ലാമികവത്കരണം മേഖലക്ക് മുഴുവൻ ആപത്ത്. സർദാരി സർക്കാറിന്റെ നിസ്സഹായത. താലിബാന് അംഗീകാരം ലഭിക്കുന്നത് ലോക സമാധാനത്തിന് ഭീഷണി. ശരീഅത്ത് പ്രസ്ഥാനം പാകിസ്താനെയും കീഴടക്കാൻ പോകുന്നു. ഭീകരതയും രക്തച്ചൊരിച്ചിലുമല്ലാതെ താലിബാനിൽനിന്ന് മറ്റൊന്നും പ്രതീക്ഷിക്കാനില്ല. ന്യൂദൽഹിക്ക് ഉത്കണ്ഠ. വാഷിംഗ്ടണിൽ ആശങ്ക. നാറ്റോക്ക് ഭീഷണി"- ഇമ്മട്ടിലായിരുന്നു വിശകലനങ്ങളും നിരീക്ഷണങ്ങളും. അതിനിടെയാണ് പാകിസ്താനിൽ സർദാരി സർക്കാറിനെതിരെ നവാസ് ശരീഫിന്റെ പ്രക്ഷോഭം കൊടുമ്പിരികൊണ്ടത്. അതില്ലായിരുന്നുവെങ്കിൽ സ്വാതിന്റെ ശരീഅത്തുവത്കരണം മാധ്യമങ്ങളിൽ മഹാഭൂകമ്പമായിതന്നെ തുടരുമായിരുന്നു.

മാധ്യമലോകവും മുതലാളിത്തത്തിന്റെ സാരഥികളും ഇത്രയേറെ വെപ്രാളപ്പെടാൻ, ഭൂഖണ്ഡാന്തര ആണവ മിസൈലോ ആന്ത്രാക്സ് പൗഡറോ പോലുള്ള കൂട്ട നശീകരണായുധമാണോ ശരീഅത്ത്? ഇസ്‌ലാമിക ശരീഅത്തിന്റെ ചില വകുപ്പുകൾക്ക് നിയമപ്രാബല്യമുള്ള അനേകം മുസ്‌ലിം രാഷ്ട്രങ്ങൾ ഇന്നുണ്ടല്ലോ. അവമൂലം ലോകത്തിന്റെ പുരോഗതിക്കും സമാധാനത്തിനും എന്തു ഭീഷണിയാണുണ്ടായിട്ടുള്ളത്? കഴിഞ്ഞ അരനൂറ്റാണ്ടുകാലമായി ലോകത്തെതെങ്കിലും മുസ്‌ലിംസമൂഹം തങ്ങളുടെ സാമൂഹികജീവിതത്തിൽ ഇസ്‌ലാമിക ശരീഅത്തിന് നിയമപ്രാബല്യം നൽകാൻ ശ്രമിക്കുമ്പോഴൊക്കെ അതിനെതിരെ കോലാഹലമുയരുകയായി. കമ്യൂണിസ്റ്റ് റഷ്യയുടെ പതനത്തോടെ ഈ പ്രവണത വളരെ ശക്തിപ്പെട്ടിരിക്കുകയാണ്. ഇറാനിൽ ഇസ്‌ലാമിക വിപ്ലവമരങ്ങേറിയപ്പോഴും അഫ്ഗാൻ റഷ്യൻ അധിനിവേശത്തിൽനിന്ന് മുക്തമായപ്പോഴും ലോകമാധ്യമങ്ങളിൽ മുഴങ്ങികേട്ടത് ഇസ്‌ലാം ആഗോള ഭീഷണിയാണെന്നാണ്. അൾജീരിയയിൽ ഇസ്‌ലാമിക് സാൽവേഷൻ ഫ്രണ്ട് ജനാധിപത്യ മാർഗത്തിലൂടെ അധികാരത്തിലെത്തുമെന്ന് കണ്ടപ്പോൾ ക്രൂരമായ സൈനിക നടപടിയിലൂടെ അതിനെ അടിച്ചൊതുക്കിയത് 'ഇസ്‌ലാം വിപത്ത്' ഒഴിവാക്കാനായിരുന്നു. 'ലോക സമാധാനവും സ്വാതന്ത്ര്യവും സംരക്ഷിക്കാൻ' തന്നെയാണ് തികച്ചും ജനാധിപത്യപരമായ തെരഞ്ഞെടുപ്പിലൂടെ ഫലസ്ത്വീനിൽ ഭൂരിപക്ഷം നേടിയ ഹമാസിന് അധികാരം നിഷേധിച്ചതും. ഇസ്‌ലാം തന്നെയാണ് ഇവരുടെ ദൃഷ്ടിയിൽ ഏറ്റവും വലിയ തിന്മ. അതിന്റെ തത്ത്വങ്ങൾക്കും നിയമങ്ങൾക്കും സാമൂഹികജീവിതത്തിൽ പ്രാബല്യം ലഭിക്കുന്നതാണ് ഏറ്റവും വലിയ വിപത്ത്. ഇസ്‌ലാമാണ് തെരഞ്ഞെടുക്കപ്പെടുന്നതെങ്കിൽ സ്വാതന്ത്ര്യവും ജനാധിപത്യവുമെല്ലാം കുപ്പയിൽ തള്ളണം.

ഈ നിലപാടിന്റെ യുക്തി ലളിതമാണ്. മുതലാളിത്ത സാമ്രാജ്യത്വത്തിന് അതിന്റെ ആന്തരിക ജീർണതകളും ദൗർബല്യങ്ങളും മറച്ചുപിടിച്ചു മുന്നോട്ടുപോകാൻ ഒരു ശത്രുവിനെ വേണം. കമ്യൂണിസത്തിനു ശേഷം ഇസ്‌ലാമിനെയാണവർ കണ്ടെത്തിയിരിക്കുന്നത്. ഇസ്‌ലാം സമാധാനത്തിനു ഭീഷണിയാണ്, നാഗരികതയുടെ ശത്രുവാണ്, ഭീകരതയാണ്, അതെവിടെ തലയുയർത്തുന്നത് കണ്ടാലും ഉടനെ തച്ചുതകർക്കാൻ നാഗരികലോകത്തിന് അവകാശമുണ്ട്, ബാധ്യതയുണ്ട്. ആണവശക്തി കൈവരിച്ച പാകിസ്താനിൽ അധിനിവേശം നടത്താനുള്ള ആർത്തി കൊണ്ട് പൊറുതിമുട്ടിയിരിക്കുകയാണ് ഇസ്രയേലും അമേരിക്കയും. പാക് -അഫ്ഗാൻ അതിർത്തികളിൽ അധിനിവേശം എന്നു പേരിടാതെ അമേരിക്ക സൈനികമായ കടന്നുകയറ്റങ്ങൾ ആരംഭിച്ചിട്ട് നാളുകളേറെയായി. രാജ്യത്തിനകത്ത് നടക്കുന്ന ഭീകരാക്രമണങ്ങളും രാഷ്ട്രീയ പ്രക്ഷോഭങ്ങളും നേരിടുന്നതിൽ നിമഗ്നമായ പാക് സർക്കാറിന് ഈ കൈയേറ്റങ്ങളെ ഉറച്ച ശബ്ദത്തിൽ എതിർക്കാനാവുന്നില്ല. അഫ്ഗാൻ അതിർത്തി പ്രദേശത്ത് താലിബാന്റെ ഭീകരപ്രവർത്തനത്തിന് അറുതിവരുത്താനും അതുവഴി അമേരിക്കൻ കടന്നുകയറ്റം ഒഴിവാക്കാനും സ്വീകരിക്കപ്പെട്ട തന്ത്രമായിരുന്നു സ്വാത് ഒത്തുതീർപ്പ്. അതുതന്നെ പാക് അധിനിവേശത്തിന്റെ ആവശ്യകത വിളിച്ചറിയിക്കുന്ന നടപടിയായി ചൂണ്ടിക്കാണിക്കുകയാണ് സാമ്രാജ്യത്വ ശക്തികൾ ചെയ്യുന്നത്.

ഏതെങ്കിലും മുസ്‌ലിം രാജ്യം ഇസ്‌ലാമിക സാമൂഹിക സംവിധാനം അംഗീകരിക്കുന്നത് മറ്റു രാജ്യങ്ങൾക്ക് ഒരുതരത്തിലും ഭീഷണിയാകുന്നില്ല; ആയ ചരിത്രവുമില്ല. സത്യത്തിന്റെയും നീതിയുടെയും ധർമത്തിന്റെയും സംരക്ഷണമാണ് ഇസ്‌ലാമിന്റെ ലക്ഷ്യം. സമത്വവും സ്വാതന്ത്ര്യവും സദാചാരവുമാണ് അതനുശാസിക്കുന്നത്. ദൈവഭക്തിയും മനുഷ്യസ്നേഹവും സാഹോദര്യവുമാണതിന്റെ അടിസ്ഥാന മൂല്യങ്ങൾ. വംശപരവും വർണപരവും ലിംഗപരവുമായ എല്ലാ ഉച്ചനീചത്വങ്ങളെയും അത് നിഷേധിക്കുന്നു. വർണ മേധാവിത്വത്തിന്റെയും ചൂഷണാധിഷ്ഠിത വ്യവസ്ഥിതിയുടെയും വക്താക്കൾ അതിനെ എതിർക്കുക സ്വാഭാവികമാണ്. ഈ വസ്തുത മുന്നിൽവെച്ചുകൊണ്ടു വേണം സാമ്രാജ്യത്വത്തിന്റെ ഇസ്‌ലാമോഫോബിയയെ വിലയിരുത്താൻ ■